(ഇ) ഇതുവരെ ടി. ഇ. എ. പി. യിൽ 45.25 കോടി രൂപയും ടി. ആർ. പി. യിൽ 12.78 കോടി രൂപയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധി ഉപയോഗിച്ചുള്ള പദ്ധതിയിൽ 10.41 കോടി രൂപയും ചെലവഴിച്ചു.

ഫിഷറീസ് സർവ്വകലാശാലയുടെ പശ്ചാത്തല സൗകര്യം

216 (4840) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നിർദ്ദിഷ്ട ഫിഷറീസ് സർവ്വകലാശാലയുടെ പശ്ചാത്തല സൗകര്യം ഉറപ്പാക്കുന്ന കാര്യത്തിൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ ?

ഉത്തരം

അന്തർദ്ദേശീയ സ്ഥാപനങ്ങളുടെ നിലവാരമുള്ള പഠനരീതി, ഗവേഷണ പഠനങ്ങൾ, മത്സ്യമേഖലയുടെ സമഗ്ര വികസനം എന്നിവ ലക്ഷ്യമിട്ട് ആരംഭിക്കുന്ന സർവ്വകലാശാലയുടെ പശ്ചാത്തല സൗകര്യം ഉറപ്പാക്കുന്നതിന്, പ്രസ്തുത സർവ്വകലാശാല കൊച്ചി പനങ്ങാട് ഫിഷറീസ് കോളേജ് ആസ്ഥാനമായി സ്ഥാപിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്.

കള്ളപ്രമാണങ്ങൾ തടയുന്നതിനുള്ള നടപടികൾ

217 (4841) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഭൂമി കവർന്നെടുത്ത് വ്യാജ പ്രമാണങ്ങൾ രജിസ്റ്റർ ചെയ്ത എത്ര കേസുകൾ സംസ്ഥാനത്താകെ രജിസ്ട്രേഷൻ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ ?

(ബി) വയനാട് ജില്ലയിൽ കള്ളപ്രമാണങ്ങൾവഴി സർക്കാർ ഭൂമി തട്ടിയെടുത്തവരുടെ പേരും വിലാസവും എസ്. ആർ. ഒ തിരിച്ച് ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

അണ്ടർ വാല്യുവേഷൻ സംബന്ധിച്ച നോട്ടീസ്

218 (4842) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ന്യായമായ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും നൽകിയവർക്കും അണ്ടർ വാല്യുവേഷൻ നോട്ടീസ് അയയ്ക്കുന്നതിന് എതിരെ പരാതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത്തരം കേസുകളിൽ എന്ത് നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly